"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി - 2021 ഒക്ടോബർ 26 ഉരുൾപൊട്ടൽ- ഇടുക്കി ജില്ലയിലെ ശ്രീ.സോബിച്ചൻ എബ്രഹാമിന് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്യുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്

സ.ഉ.(സാധാ) നം.2058/2024/RD തീയതി,തിരുവനന്തപുരം, 31-08-2024

---

പരാമർശം:- 1. സ.ഉ(കൈ).നം.6/2024/ഡി എം ഡി തീയതി 18/7/2024

<u>ഉത്തരവ്</u>

2021 ഒക്ടോബർ 26-ന് ഉണ്ടായ ഉരുൾപൊട്ടലിൽ ഇടുക്കി ജില്ലയിലെ ശ്രീ.സോബിച്ചൻ അബ്രാഹാമിന്റെ പേരിൽ പെരുവന്താനം വില്ലേജിൽ ഉള്ള 0.12.15 ഹെക്ടർ വസ്തു വാസയോഗ്യമല്ലാതാകുകയും, വീട് നിർമ്മാണത്തിനായി ഖനനം ചെയ്ത കല്ലുകളും വീട് നിർമ്മാണ സാമഗ്രികളും ഒഴുകി പോയിട്ടുള്ള താണെന്നുമുള്ള ഇടുക്കി കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ടി വസ്തു ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിൽ റെഡ് സോണിൽ ഉൾപെടുന്നതിനാൽ പ്രദേശത്ത് യാതൊരു വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും സാധ്യമല്ലായെന്നുള്ള ജില്ലാ ഹസാർഡ് അനലിസ്റ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ.സോബിച്ചൻ അബ്രാഹാമിന് വീടുവയ്ക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്.

2) പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ശ്രീ. സോബിച്ചൻ എബ്രഹാമിന് പ്രകൃതിക്ഷോഭത്തിൽ പൂർണമായി സ്ഥലം നഷ്ടപ്പെട്ടതിനു അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനായി 6,00,000/- രൂപാ (ആറ് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്യുന്നതിന് ഇടുക്കി ജില്ലാകളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) വിതരണത്തിന് ആവശ്യമായി വരുന്ന 6,00,000/-രൂപ (ആറു ലക്ഷം രൂപാ മാത്രം )മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി,

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ .യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

ദുരന്ത നിവാരണ (എ) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

V D Omana

Date: 31-08-2024 16:52:52

സെക്ഷൻ ഓഫീസർ